ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ എൽ. ഐ. സി.-യുടെ സഹായത്തോടെയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി

175 [1843] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എൽ. ഐ. സി.-യുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തിന് എന്തു തുകയാണ് നീക്കി വെച്ചിട്ടുള്ളത് ഇതിൽ സംസ്ഥാന സർക്കാർ, എൽ. ഐ. സി. ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവർ ഈ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി എത്ര രൂപ വീതം നീക്കിവെച്ചിട്ടുണ്ട്;

(സി) ഈ കുടിവെള്ള പദ്ധതി നിലവിൽ വരുമ്പോൾ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ എത്ര പേർക്ക് ഗുണം ലഭിക്കും; വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു:

1. കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സ്, പമ്പ് ഹൗസ്, രണ്ടാം വിതരണ മേഖലയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ ഇതിനകം പൂർത്തിയായിട്ടുണ്ട്. മേഖല 2 ലേക്കുള്ള ഉന്നതതല സംഭരണി, ബൂസ്റ്റർ പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

2. ശ്രീകൃഷ്ണപുരത്തിനും സമീപസ്ഥ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയുടെ കിണർ, മൂന്നു ഭൂതല സംഭരണികൾ, ഒരു ഉന്നതതല സംഭരണി എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി) കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയ്ക്ക് എൽ.ഐ.സി.-യിൽ നിന്നും 102.26 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ജൂൺ 2004 വരെ 183.23 രൂപ ചെലവഴിച്ചു. ഇതിൽ സർക്കാർ/കേരള വാട്ടർ അതോറിറ്റി ഫണ്ട് 80.97 ലക്ഷം രൂപയാണ്. 2004-05-ലെ വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് എൽ.ഐ.സി.-ൽ നിന്നും 43.40 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് 2004-05-ലെ വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ 2028-ലെ പ്രതീക്ഷിത ജനസംഖ്യയായ 51248 പേർക്കും, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പുക്കോട്ടുകാവ്, കടമ്പഴിപുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2032-ലെ പ്രതീക്ഷിത ജനസംഖ്യയായ 142161 പേർക്കും ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കും.

(ഡി) കരിമ്പുഴ പദ്ധതി 12/2005 ലേയ്ക്കും ശ്രീകൃഷ്ണപുരം പദ്ധതി 3/2006 ലേയ്ക്കും പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പദ്ധതികൾ

176 [1850] ശ്രീ. മഞ്ഞളാംകുഴി അലി:

„ ടി. കെ. ബാലൻ:

„ എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇവയുടെ ഓരോന്നിന്റെയും പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഇ) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം എന്നത്തേയ്ക്ക് കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly